(സി) കണ്ണൂർ, തൃശ്ശൂർ, കാസർഗോഡ്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം തുടങ്ങിയ ജില്ലാ സഹകരണബാങ്കുകൾ പാലക്കാട് ജില്ലാ സഹകരണബാങ്ക് അനുവദിച്ച രീതിയിൽ വായ്പ അനുവദിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരത്ത് മെട്രോ റെയിൽവേയ്ക്കുള്ള പദ്ധതി

116 (1171) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ബസ് സർവ്വീസിന് പുറമേ മറ്റേതെങ്കിലും തരത്തിലുള്ള പൊതുയാത്രാ സംവിധാനം നടപ്പിൽ വരുത്തുവാൻ പദ്ധതി ഉണ്ടോ ;

(ബി) മെട്രോ റെയിൽവേ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(സി) മെട്രോ റെയിൽവേ സ്ഥാപിക്കുന്നതിനുവേണ്ടി സർവേ നടത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ ;

(ഡി) ഏതു സ്ഥാപനത്തെ സർവേ ഏല്പിക്കുവാനാണ് തീരുമാനിച്ചിരുന്നത് ;

(ഇ) പ്രസ്തുത സ്ഥാപനത്തെ സർവേ നടത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള പ്രത്യേക കാരണം വ്യക്തമാക്കുമോ ;

(എഫ്) ഗതാഗതവുമായി ബന്ധപ്പെട്ട ഏതെങ്കിലും സർവേ നടത്തുവാൻ കഴിഞ്ഞ 3 മാസത്തിനുള്ളിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിട്ടുള്ളത് ഇതിന്റെ ഉദ്ദേശ ലക്ഷ്യമെന്താണ് ; ഇതിന് എന്തു തുക ചെലവ് കണക്കാക്കിയിട്ടുണ്ട് ?

ഉത്തരം

(എ,ബി,സി,ഡി,ഇ,എഫ്&ജി) തിരുവനന്തപുരത്ത് പ്രാന്ത പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് ഏതു സംവിധാനമായിരിക്കും പ്രയോജനപ്പെടുക എന്ന് കണ്ടെത്തുന്നതിനായി ഒരു സാദ്ധ്യതാപഠനം നടത്തുന്നതിന് കോംപറ്റിറ്റീവ് ടെക്നോ ഇക്കണോമിക് ബിഡിംഗ് മുഖേന കേന്ദ്രസർക്കാർ അംഗീകാരത്തോടും ധനസഹായത്തോടും കൂടി ഡൽഹി ആസ്ഥാനമായിട്ടുള്ള സി.ഇ.എസ്. ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും അവർ ജോലി ആരംഭിക്കുകയും ചെയ്ത് കഴിഞ്ഞു. 38 ലക്ഷം രൂപയ്ക്കാണ് പ്രസ്തുത പഠനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly